# MGMHS
# PUTHENCRUZ

## ACADEMIC MASTER PLAN

## 2025-26

# മഹാത്മാഗാന്ധി മെമ്മോറിയൽ ഹൈസ്ക്കൂൾ

## പുത്തൻകുരിശ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## സമഗ്രവിദ്യാലയ വികസനരേഖ

## 2025 January – 2030 ഡിസംബർ

### ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. അക്കാദമിക് പ്രവർത്തനങ്ങൾ
4. സ്കൂൾ ലഘു ചരിത്രം
5. അക്കാദമിക വികസനം - കാഴ്ചപ്പാട് ദർശനം
6. നിലവിലെ അവസ്ഥാ വിശകലനം
7. വിദ്യാലയ മികവുകൾ
8. നിലവിലെ അക്കാദമിക അവസ്ഥ വിശകലനം
9. ഭൗതിക സൗകര്യങ്ങൾ
10. 2025-26 അധ്യയന വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾ
11. വിഷയാടിസ്ഥാനത്തിനുള്ള പ്രവർത്തനങ്ങൾ
12. മോണിറ്ററിംഗ്
13. ഉപസംഹാരം


### ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ നിലവാരമുയർത്തുക എന്ന ലക്ഷ്യമാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമാക്കുന്നത്.ഓരോ വിദ്യാലയവും വിവിധ മേഖലകളായി ധാരാളം പരിപാടികൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്രയധികം പരിപാടികൾ എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാനാകുമെന്നാണ് നാം നേരിടുന്ന വെല്ലുവിളി. വരുന്ന 5 വർഷം സമഗ്രവികസനം സ്വപ്ന സാക്ഷാത്കാരമാണ്. അതിന്റെ ആദ്യ ചവിട്ടുപടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും സഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും സംഘടിപ്പിക്കും.
2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്ഥവും നൂതനവുമായ പഠതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തരമൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയാറാക്കുകയും ചെയ്യുക.
3. കുട്ടികൾ അതാതുക്ലാസിൽ നേടേണ്ട പഠനശേഷിയിൽ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
4. NMMS Scholarship, Full A+ എന്നിവയുടെ എണ്ണം കൂട്ടുക
5. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കിമാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താം.
6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കും.
7. പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കും.
8. Spoken English ക്ലാസ്സ് സംഘടിപ്പിച്ച് ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി കൈവരിക്കാൻ പ്രവർത്തനങ്ങൾ നടത്തും.
9. കുട്ടിയുടെ പഠനതാൽപര്യത്തേയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുക്കുന്നതിനുള്ള പരിഹാര ബോധനപ്രക്രിയയും നിരന്തര മൂല്യനിർണയ പ്രക്രിയയും നടത്തും.
10. അക്കാദമികമായ ഉണർവ് ജനിപ്പിക്കുന്നതിൽ Subject expert കളുടെ സംഭാവനകൾ പരിഗണിക്കും.
11. പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന, കോച്ചിംഗ് ക്ലാസ്സ് സംഘടിപ്പിക്കും.
12. ലൈബ്രറി വികസനം സാധ്യമാക്കും. (Class Library, Trs library, School library)
13. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠനം ഉറപ്പാക്കും.
14. അധ്യാപകരുടെ ICT പ്രവർത്തനങ്ങൾ പഠന പ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.
15. പുതിയ പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമ്മിച്ച് പഠനപ്രക്രിയ എളുപ്പമാക്കും.
16. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തും.

## അക്കാദമിക് പ്രവർത്തനങ്ങൾ

അക്കാദമിക് ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോകുട്ടിയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും. ഞങ്ങളുടെ വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമായി എങ്ങനെ മാറ്റാനാകും എന്ന ഉദ്ദേശ്യത്തോടെ പ്രതീക്ഷയുണർത്തുന്നതും പ്രചോദനാത്മകവുമായ ഹ്രസ്വകാല, മധ്യകാല, ദീർഘകാല പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ തയ്യാറാക്കിയിരിക്കുന്നു. ഇത് നവീകരിക്കപ്പെടുന്ന ശാസ്ത്രരേഖയാണെന്ന സത്യം എടുത്തുപറയുന്നു.

## സ്കൂൾ ലഘുചരിത്രം

2023 ൽ 75 വർഷം പൂർത്തീകരിച്ച് ജൂബിലിയുടെ നിറവിൽ നിൽക്കുന്ന M.G.M.H.S പുത്തൻകുരിശിന്റെ തിലകക്കുറിയായി, മികവിന്റെ കേന്ദ്രമായി ഹൈടെക് വിദ്യാലയമായി ഇന്ന് മാറിയിരിക്കുകയാണ്.

ശ്രീ സജി കെ ഏലിയാസ് മാനേജർ ആയി 2023 ൽ ചുമതലയേറ്റതോടെ പുതിയ വിദ്യാലയത്തിന്റെ നിർമ്മാണം ആരംഭിച്ചു. 2024 ജൂൺ മാസത്തിൽ പുതിയ വിദ്യാലയം പ്രവർത്തനമാരംഭിച്ചു. International നിലവാരമുള്ള സൗകര്യങ്ങളാണ് സ്കൂളിൽ ഒരുക്കിയിരിക്കുന്നത്.

## സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | റവന്യൂ ജില്ല | : | എറണാകുളം |
| 2. | യൂണിഫോം സ്കൂൾ കോഡ് | : | 32080501001 |
| 3. | സ്കൂളിന്റെ പേര് | : | മഹാത്മാഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ പുത്തൻകുരിശ് |
| 4. | മേൽവിലാസം | : | പുത്തൻകുരിശ് പി ഒ, പുത്തൻകുരിശ് പിൻ.682309 |
| 5. | ഫോൺ നമ്പർ | : | 8078938411 |
| 6. | ഇ മെയിൽ അഡ്രസ്സ് | : | hmmgmhs@gmail.com |
| 7. | ഗ്രാമപഞ്ചായത്ത് | : | വടവുകോട് പുത്തൻകുരിശ് |
| | വില്ലേജ് | : | പുത്തൻകുരിശ് |
| 8. | വിദ്യാഭ്യാസ ജില്ല | : | ആലുവ |
| 9. | സബ് ജില്ല | : | കോലഞ്ചേരി |
| 10. | BRC | : | കോലഞ്ചേരി |
| 11. | ക്ലാസ്സുകൾ | : | 8-12, മാനേജ്മെന്റ് -എയ്ഡഡ് |
| 12. | പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

## അക്കാദമിക വികസനം - കാഴ്ചപ്പാട് ദർശനം

1. എല്ലാ കുട്ടികളുടെയും എല്ലാം വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ എല്ലാ കുട്ടികളും ആർജ്ജിക്കുക
3. കുട്ടികളിൽ പരസ്പരാശ്രയത്വത്തിന്റേയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
4. മൂന്ന് ഭാഷകളിലെങ്കിലും ആശയവികസന ശേഷി വളർത്തുക.
5. കുട്ടികളിൽ ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മക ചിന്തയും വികസിപ്പിക്കുക.
6. പഠനശേഷികളും പഠനമനോഭാവങ്ങളും വളർത്തുക.
7. മതേതരത്വ ജനാധിപത്യബോധമുള്ള പൗരൻമാരായി വളർത്തുക.
8. നമ്മുടെ സംസ്കാരത്തിനും യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.
9. എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക.
10. പാരിസ്ഥിതിക അവബോധം വളർത്തുക.
11. ശാസ്ത്രചിന്ത വളർത്തുക.
12. പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്.
13. രക്ഷിതാക്കളുടെ അക്കാദമിക പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്
14. സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് കീടനാശിനി മുക്ത കാമ്പസ് സൃഷ്ടിക്കുക.
15. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
16. കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.
17. തീരുമാനമെടുക്കുന്നതിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിനും എല്ലാ പെൺകുട്ടികൾക്കും ഉറപ്പാക്കും.

## നിലവിലെ അവസ്ഥാവിശകലനം

ഭൗതികം, അക്കാദമികം തുടങ്ങിയ വിവിധതരം വിഭവങ്ങൾ ഉണ്ടെങ്കിൽ മാത്രമേ വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾ നടക്കും. അവയിൽ പ്രധാനം ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവശേഷി, ധനം തുടങ്ങിയവയാണ്. എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനുമുള്ള അവസരവും വിദ്യാർത്ഥി സൗഹൃദപരമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ഓരോരുത്തരുടേയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്നതലത്തിലേക്ക്

എത്തിക്കാനും പരിമിതികൾ മറികടക്കാനും കഴിയുമ്പോഴും ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമ്പോഴും ആണ് ഒരു വിദ്യാലയം മികവുറ്റതാകുന്നത്.

## വിദ്യാർത്ഥികളുടെ എണ്ണം

**2024-25**

| Class | Div | Boys | Girls | Total |
|---|---|---|---|---|
| VIII | 3 | 71 | 25 | 96 |
| IX | 2 | 51 | 20 | 71 |
| X | 2 | 43 | 21 | 64 |

**2025-26**

| Class | Div | Boys | Girls | Total |
|---|---|---|---|---|
| VIII | 3 | 45 | 35 | 80 |
| IX | 3 | 71 | 29 | 100 |
| X | 2 | 37 | 22 | 59 |

അധ്യാപകരുടെ എണ്ണം : 16

ആകെ അംഗീകരിച്ചത് : 4

അനധ്യാപകർ : 4

## ഭൗതിക സൗകര്യങ്ങൾ

## വിദ്യാലയ മികവുകൾ

1. സ്കൂൾ ബസ്
2. ഹരിത വിദ്യാലയം ശുചിത്വ ക്യാമ്പസ്
3. സ്കൂൾ ലൈബ്രറി വായനാമുറി
4. IT lab ,Science Lab ,Maths Lab
5. Dining Hall
6. പ്രഭാത ഭക്ഷണം ഉച്ചഭക്ഷണം സായാഹ്ന ലഘു ഭക്ഷണം (Evening- Bread+Egg)
7. Athletic & Game Practice
8. സംഗീതം ,നൃത്തം
9. സൗജന്യ യൂണിഫോം
10. യോഗാ പരിശീലനം
11. ടൂർ
12. ഭവന സന്ദർശനം
13. ലഘു സമ്പാദ്യ പദ്ധതി
14. ബയോ ബിൻ, ജൈവ കമ്പോസ്റ്റ്

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്ര പോഷണ പരിപാടി
5. വായന പരിപോഷണം
6. പഠനയാത്രകൾ
7. സെമിനാറുകൾ
8. കലാകായിക മേള
9. ഐടി പരിശീലനം
10. ക്ലാസ് പി ടി എ സജീവമാക്കൽ
11. ശാസ്ത്രാഭി രുചി വളർത്തൽ
12. പച്ചക്കറി തോട്ടം
13. ദിനാചരണം
14. കായിക പഠനം
15. ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

**മോണിറ്ററിംഗ് രീതി**

ഏതു പരിപാടിയുടെയും ദിശാഗതി നിർണയിക്കൽ പ്രധാനമാണ്. ലക്ഷ്യത്തിലേക്ക് തന്നെയാണ് പ്രവർത്തനങ്ങൾ എന്നത് വിലയിരുത്തലും, ദിശാവ്യതിയാമോ കാലതാമസമോ ഉണ്ടായാൽ ക്രമപ്പെടുത്തലും പ്രതീക്ഷിത നിലവാരത്തിൽ ലക്ഷ്യം നേടിയോ എന്ന പരിശോധിക്കലും മോണിറ്ററിങ്ങിൽ വരും. ആസൂത്രണ സമയത്തും നിർവഹണസമയത്തും, പൂർത്തീകരണ സമയത്തും മോണിറ്ററിങ് നടക്കണം . ആസൂത്രണ സമയത്ത് പ്രവർത്തനപദ്ധതിയേയും നിർവഹണവേളയിൽ പ്രക്രിയയേയും പൂർത്തീകരണ വേളയിൽ ഉൽപ്പന്നത്തെയുമാണ് മോണിറ്ററിങ്ങിന് വിധേയമാക്കേണ്ടത്. നിർവഹണ ചുമതലയുള്ള അധ്യാപിക /അധ്യാപകൻ ,പ്രഥമ അധ്യാപിക, എസ് ആർ ജി എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തണം .ഓരോ മാസവും മോണിറ്ററിംഗ് അനുഭവങ്ങൾ ചർച്ച ചെയ്യണം. ആവശ്യമെങ്കിൽ ഫോർമാറ്റ് ചെക്ക് ലിസ്റ്റ് തുടങ്ങിയവ വികസിപ്പിക്കണം

**ആഭ്യന്തര മോണിറ്ററിങ്**

- പ്രഥമധ്യാപിക ഓരോ മാസവും
- എസ് ആർ ജിയിൽ ഓരോ ആഴ്ചയും
- ക്ലാസ് പിടിഎയിൽ നിർവഹണ പുരോഗതിയും നേട്ടവും

## ബാഹ്യ മോണിറ്ററിങ്

- വിദ്യാഭ്യാസ ഓഫീസർമാർ
- ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ

മോണിറ്ററിങ് സ്ഥാപനത്തിലെ പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പാക്കുന്നു .ഓരോ അക്കാദമിക പ്രവർത്തനത്തിനും ആവശ്യമായ പിന്തുണ സംവിധാനം ഉറപ്പുവരുത്തുകയും അവയെ യഥാസമയം വിലയിരുത്തുകയും ചെയ്യുക

അക്കാദമിക പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുക . സംഘാടനം നിർവഹണ ഘട്ടങ്ങളിൽ നിരന്തരം ഇടപെട്ടുകൊണ്ടുള്ള മോണിറ്ററിംഗ് രീതി അവലംബിക്കുക

അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക.

മികവുകൾ വിലയിരുത്തി മികച്ച മാതൃകകൾക്ക് പ്രോത്സാഹനം നൽകുക.

മൂല്യനിർണയം സാമഗ്രികൾ വികസിപ്പിക്കാൻ സഹായിക്കുക ഇതിന്റെ വിനിമയം ഉറപ്പാക്കുക

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിലെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ.<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരമാല ചാർട്ട്<br>5. എഞ്ചുവടി<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. പദങ്ങൾ ചേർത്ത് വാക്യം നിർമ്മിക്കൽ<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | രണ്ടുമാസം (ആഗസ്റ്റ് ,സെപ്റ്റംബർ ) | അധ്യാപകർ,പി ടി എ | |
| 2 | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരണം<br>3. വായനോത്സവം<br>4. പത്രവായന<br>5. വായനാനുഭവം<br>6. പുസ്തക ചർച്ച<br>7. വായന കുറിപ്പ് പതിപ്പ്<br>8. ദിനാചരണം<br>9. ആനുകാലിക പ്രസിദ്ധീകരണവും വായനയും<br>10. ആസ്വാദനക്കുറിപ്പ് | ആറുമാസം | പിടിഎ, അധ്യാപകർ | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | 1. എഴുത്തു കൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായന കുറിപ്പ് പതിപ്പ്<br>4. കഥാപതിപ്പ്<br>5. കവിത പതിപ്പ്<br>6. ചുമർപത്രിക | ആറുമാസം | പിടിഎ, അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | സദസിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ വീഡിയോ ഓഡിയോ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുന്നു. | ആറുമാസം | അധ്യാപകർ, പരിശീലകർ | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## സംസ്കൃതം

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സംസ്കൃതത്തിൽ സംസാരിക്കുവാൻ പ്രാപ്തരാക്കുക | പ്രവർത്തനങ്ങൾ സംഭാഷണ പരിശീലനം | എല്ലാ ദിവസവും | സംസ്കൃത അധ്യാപിക | |
| 2 | ചോദ്യങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക | പ്രശ്നോത്തരി | ഓരോ പാഠവും കഴിയുമ്പോൾ | സംസ്കൃത അധ്യാപിക | |
| 3 | സംസ്കൃത ദിനാചരണം | സംസ്കൃത അസംബ്ലി | സെപ്റ്റംബർ ആദ്യവാരം | സംസ്കൃത അധ്യാപിക | |

# Academic Master Plan 2025-26

## English

| Sl. No. | Objectives | Activity | Duration | In-Charge |
|---|---|---|---|---|
| 1 | Enable students to communicate in English | Spoken English Class, English Literary Club, English Corners, English Cartoons, English Assemblies | Summer Vacation | English Teachers |
| 2 | Provide opportunities for proper expression in English | To prepare scripts for role play, classroom activity, cinema and documentaries | Classroom activity | English Teachers |
| 3 | Give importance to independent reading and creative writing | School English Week, Picture Cards, Vocabulary and Sentence Building Activities | Classroom activity | English Teachers |
| 4 | Dramatization | English Assemblies, Skits, Puppet Shows, English Lab Activity | Classroom activity | English Teachers |
| 5 | Enable poetry appreciation and creative writing | Working on poems, recitation, paraphrasing, poetry writing, book reviews, magazine creation, classroom activities, debates | Saturdays, Classroom Activities | English Teachers |
| 6 | Enable ICT possibilities for English Language Development | English Fest, English Corners, Audio-Video Conferences, Magazine Creation | Holidays | English Teachers |
| 7 | Conduct Debates | Talk by native speakers, English Eminent Personalities, Poets, Debates | Holidays, English Clubs | English Teachers |

## HINDI : MGMHS PUTHENCRUZ

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീകം |
|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ | രക്ഷിതാക്കൾ, P.T.A, അഭ്യുദയകാംക്ഷികൾ |
| 2 | മാതൃഭാഷ പോലെ തന്നെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠ ഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധസാഹിത്യകാരൻമാരുടെ കഥകൾ, നോവലുകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ | |
| 3 | വിവർത്തകർ, വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ, റേഡിയോ ജോക്കികൾ എന്നിവരാകുവാൻ കുട്ടികളെ പ്രാപ്തരാക്കുക | പ്രശസ്തരുമായി അഭിമുഖം സംഘടിപ്പിക്കുന്നു. വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകൻ | |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം

| No. | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | പഞ്ചായത്ത് പ്രസിഡന്റ്/ അംഗവുമായി അഭിമുഖം | അറിവ് നേടാൻ ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവ് നേടൽ | പഞ്ചായത്ത് ഭരണ സംവിധാനം, പ്രദേശിക വികസനം എന്നിവയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ കുട്ടികൾ തയ്യാറാക്കി ചോദിക്കുന്നു, റിപ്പോർട്ട് തയ്യാറാക്കി അദ്ധ്യാപിക വിലയിരുത്തുന്നു. മികച്ചവർക്ക് സമ്മാനം നൽകുന്നു. | വർഷത്തിൽ ഒരു അവധി ദിവസം | SRG | |
| 2 | ക്വിസ് ക്ലബ് | പൊതുവിജ്ഞാനം നേടൽ അന്വേഷണ കൗതുകം വളർത്തൽ | കുട്ടികൾ ആഴ്ചയിലൊരിക്കൽ മാറി മാറി ക്വിസ് അവതരിപ്പിക്കട്ടെ. എല്ലാ ക്ലാസ്സിലും അര മണിക്കൂർ വീതം ആഴ്ചയിലൊരിക്കൽ നടത്താം | എല്ലാ ആഴ്ചയിലും അരമണിക്കൂർ | അധ്യാപിക | |
| 3 | ജീവകാരുണ്യ പ്രവർത്തനങ്ങൾ | മാനവിക മൂല്യങ്ങൾ വളർത്തൽ | അശരണരായ വ്യക്തികൾക്ക് പിന്തുണ നൽകാൻ ചികിത്സാ സഹായം, ഭക്ഷ്യ വസ്തുക്കൾ, പഠന ചെലവ്, മറ്റ് സഹായങ്ങൾ തുടങ്ങിയവ നൽകുന്നതിന് കുട്ടികൾ ഫണ്ട് സമാഹരിക്കുന്നു. | വർഷം | ഒരു അധ്യാപകൻ/അധ്യാപിക | |
| 4 | സാമൂഹ്യശാസ്ത്ര സെമിനാർ | വിഷയത്തെ ആഴത്തിൽ സമീപിക്കാനുള്ള കഴിവ് വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട അധകം പ്രവർത്തനം എന്ന നിലയിൽ ചിട്ടയായി വിവരശേഖരണം നടത്തി സെമിനാർ സംഘടിപ്പിക്കുക | ടേമിൽ ഒന്നു വീതം | അധ്യാപിക | |
| 5 | വിഷയവുമായി | സാമൂഹ്യാവ | മനുഷ്യനെങ്ങനെ. മനു | ടേമിൽ ഒന്നു വീതം | SRG | |

| | | | | | | |
|---|---|---|---|---|---|---|
| | ബന്ധപ്പെട്ട വിദഗ്ദ്ധ രുടെ പ്രഭാ ഷണങ്ങൾ | ബോധം വളർത്തു ന്നതിന് | ഷ്യനായി, ഭരണവ്യവ സ്ഥയുടെ പരിണാമം, കുടുംബത്തിലെ ജനാധിപത്യം തുട ങ്ങിയ പ്രഭാഷണ ങ്ങൾ നടത്താം. | | | |

# ACADEMIC MASTER PLAN 2025-26
# SCIENCE

| Sl.No. | AIM | ACTIVITIES | TIME | RESPONSIBILITY | FUND |
|---|---|---|---|---|---|
| 1 | Strengthen basic concepts in Physics, Chemistry and Biology | 1. Conduct remedial classes for identified weak students.<br>2. Use bridge material for foundational understanding. | 2 months | Science Teachers | |
| 2 | Develop interest in Science | 1. Form Science Club.<br>2. Organize science-based games and puzzles.<br>3. Celebrate National Science Day and Ozone Day etc. | Once a month | Science Teachers, Science Club | |
| 3 | Improve conceptual clarity through activities | 1. Chapter-wise practical activities/demonstrations<br>2. Encourage group discussions and peer teaching. | Throughout the year | Science Teachers | |
| 4 | Develop experimental skills | 1. Conduct lab sessions regularly. | Throughout the year | Science Teachers | |
| 5 | Identify and support gifted students | 1. Encourage participation in science fairs and talent search exams.<br>2. Provide additional challenging tasks or experiments. | Monthly | Science Teachers | |
| 6 | Promote creativity and innovation in science | 1. Organize working model competitions.<br>2. Motivate students to present science-based skits, talks, or documentaries. | Once a term | Science Teachers, Science Club | |
| 7 | Make learning application-oriented | 1. Assign home projects related to daily life (e.g., water purification, energy saving). | 3 months | Science Teachers | |

# ACADEMIC MASTER PLAN – MATHEMATICS

| No. | AIM | ACTIVITIES | TIME | RESPONSIBILITY | FUND |
|---|---|---|---|---|---|
| 1. | Strengthen the basics from primary and upper primary | Math clinic is conducted at school. Students facing difficulty are identified and necessary support is given. | 2 months | Mathematics teachers, members of mathematics club. | |
| 2. | Develop interest in mathematics | Maths club is formed. Various activities and games are conducted to develop interest in the subject.<br>1.Math art – create art works using maths shapes and tools.<br>2. Maths puzzles and brain teasers corner.<br>3. Celebrating important days. | Once a month. | Mathematics teachers. | |
| 3. | Ensure strong foundation of concepts learned in the academic year. | 1. Worksheets are given at the end of each chapter.<br>2. Students are encouraged to make charts consolidating the idea they have learned.<br>3. Test papers are conducted at the end of each chapter. | Throughout the year | Mathematics teachers. | |
| 4. | Develop practical understanding of the subject. | 1.Use math labs to give practical approach to learned concepts.<br>2. Maths Exhibition<br>3.Flag making on Independence Day.<br>4. Introduce GeoGebra. | Once a year. | Mathematics teacher and maths club members. | |
| 5. | Identify the gifted students and provide them with additional challenges and enrichment opportunities to further develop their mathematical abilities. | 1.Open ended problem. Students are given problems with more than one correct approach.<br>2.Talent search examination. | Monthly | Mathematics teacher | |
| 6. | Encourage creative exploration, explain, and explore mathematical ideas in one's own words. | 1.Students are encouraged to publish a mathematical journal with creations of their own. | Two months | Mathematics teacher and maths club members. | |

## വർഷത്തില കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കായിക പരിശീലനം കാര്യക്ഷമമാക്കൽ | കുട്ടികൾക്ക് ആവശ്യമായ കായിക പരിശീലനം/ലഘു ഭക്ഷണം | ആഴ്ച്ച യിൽ 3 ദിവസം | എച്ച് എം, പിടിഎ, കായിക അദ്ധ്യാപകൻ | |
| 2 | പാഠപുസ്തകം കേന്ദ്രീകരിച്ചുള്ള പഠനരീതി മെച്ചപ്പെടുത്തുന്നതിന് | പാഠപുസ്തകവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകി നേട്ടം കൈവരിക്കൽ | എല്ലാ ദിവസവും അതാത് സമയങ്ങളിൽ | കായിക അദ്ധ്യാപകൻ | |
| 3 | കുട്ടികൾക്കുള്ള കായിക കഴിവുകൾ കണ്ടെത്തൽ | സ്കൂളിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. (സ്പോർട്സ് & ഗെയിംസ്) | വർഷത്തിൽ | സ്കൂൾ ഗ്രൂപ്പ് ചാർജ്ജ് | |
| 4 | ഉപജില്ല, റെവന്യൂ ജില്ല സംസ്ഥാനതലം, ദേശീയ തല മത്സരങ്ങളിലേക്കുള്ള ചുവടുവെപ്പ് | ഒരോ കായിക ഇനങ്ങളിലും കഴിവു തെളിയിക്കുന്ന കുട്ടികളെ അതാത് ഇനങ്ങളിൽ പരിശീലനം നൽകി മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ആറ് മാസം | എച്ച് എം, കായിക അദ്ധ്യാപകൻ | |
| 5 | കുട്ടികളിലെ ലീഡർഷിപ്പ് ക്യാളിറ്റി | അവധിക്കാല ക്യാമ്പുകൾ സംഘടിപ്പിക്കുക | വേനൽ അവധി കാലത്ത് 1 ആഴ്ച്ച, 2 ആഴ്ച്ച | പിടി എ, എച്ച് എം, കായിക അദ്ധ്യാപകൻ | |
| | അവാർഡ് സമ്മാനം നൽകി കുട്ടികളെ ആദരിക്കൽ | സ്കൂൾ തലം, ഉപജില്ല, റെവന്യു ജില്ല, സംസ്ഥാനതലം, ദേശീയ തലം, മത്സരങ്ങളിൽ വിജയികൾക്ക് അവാർഡുകൾ മൊമെന്റോ നൽകൽ | സ്കൂൾ വാർഷിക പരിപാടിയോടനുബന്ധിച്ച് | എച്ച് എം, കായിക അദ്ധ്യാപകൻ, സീനിയർ ടീച്ചേഴ്സ് | |
| 7 | കൂടുതൽ കാര്യക്ഷമമായ കായിക പ്രവർത്തനങ്ങൾക്കു വേണ്ടി | യോഗം ചേരുക, സ്കൂൾ മാനേജ്മെന്റ്, പിടിഎ, എച്ച് എം, അദ്ധ്യപകർ എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി വേണ്ട നിർദ്ദേശങ്ങൾ കൈക്കൊള്ളുകയും അത് നടപ്പിലാക്കുകയും ചെയ്യുക. | വർഷത്തിൽ 2 തവണ | എച്ച് എം, കായിക അദ്ധ്യാപകൻ | |